DESPATCHED
On 10/11/21......

09/11/21

1

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.1147(4)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No.4095/SIC-Gen 2/2018

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജയരാജൻ കെ.പി.,
ചന്തുക്കുട്ടി മന്ദിരം,
കരിവെള്ളൂർ,
കണ്ണൂർ ജില്ല - 670 521.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
പയ്യന്നൂർ, കണ്ണൂർ - 670 307.

2. അപ്പീൽ അധികാരി,
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
പയ്യന്നൂർ, കണ്ണൂർ - 670 307.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.12.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 03.02.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02.03.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 16.04.2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 19.04.2018 |

## അന്തിമ ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 20.12.2017ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ പറയുന്ന A.E.യുടെ കീഴിലുള്ള സ്കൂളുമായി ബന്ധപ്പെട്ട് 33 ചോദ്യങ്ങൾ ചോദിച്ചിട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകിയില്ല എന്നും, പിന്നീട് രണ്ടാം എതിർകക്ഷിക്ക് അപ്പീൽ നൽകിയതിനുശേഷം 45 ദിവസം കഴിഞ്ഞാണ് മറുപടി ലഭിച്ചതെന്നും പരാതിപ്പെട്ടാണ് ടിയാൻ 16.04.18ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 28.10.2021ൽ കമ്മീഷൻ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷിക്ക് വേണ്ടി ടിയാൻ ചുമതലപ്പെടുത്തിയത് പ്രകാരം അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. പി. ദീപു ഹാജരായി.

3. അപ്പീൽ ഹർജിക്കാരൻ ഒന്നിലധികം സ്കൂളുകളിൽ നിന്നുള്ള വിവരങ്ങളാണ് തേടിയതെന്നും, അതുകൊണ്ടാണ് ഈ വിവരങ്ങൾ അതാതു സ്കൂളുകളിൽ നിന്ന് വാങ്ങാ വുന്നതാണ് എന്ന മറുപടി നൽകിയതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. അപേക്ഷകന്റെ 12-ാം ചോദ്യത്തിന് കൃത്യമായ മറുപടിയല്ല നൽകിയതെന്നും, 17-ാം ചോദ്യത്തിന് കുട്ടി കളുടെ എണ്ണം മാത്രമേ അറിയാൻ കഴിയൂ എന്നും മറുപടി നൽകിയിരുന്നു. 25, 26 എന്നിവ AEOയുടെ സന്ദർശനത്തെ സംബന്ധിച്ചായിരുന്നു എന്നും, AEOയുടെ സന്ദർശനം സംബ ന്ധിച്ച് അതാതു സ്കൂളുകളിലെ ഇൻസ്പെക്ഷൻ ഡയറിയിലാണ് രേഖപ്പെടുത്തിയിരുന്നത് എന്നും, അതിന്റെ രേഖകളൊന്നും എതിർകക്ഷിയുടെ ഓഫീസിൽ ലഭ്യമല്ല എന്നും ടിയാൻ പറഞ്ഞു. 27-ാമത്തെ ചോദ്യം ഒരു സർക്കാർ ഉത്തരവ് സംബന്ധിച്ച് ആയിരുന്നുവെന്നും, ഇതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമായ രേഖകൾ ആയതുകൊണ്ട് ആണ് അവിടെ നിന്ന് എടുക്കാവുന്നതാണ് എന്ന് മറുപടി നൽകിയതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. 28-ാം ചോദ്യം വ്യക്തമല്ല എന്നും, 29-ാം ചോദ്യത്തിന് മറുപടി നൽകിയെന്നും ടിയാൻ പറഞ്ഞു. ടെസ്റ്റ് ബുക്കുകളുടെ വിതരണവുമായി ബന്ധപ്പെട്ട 30-ാം ചോദ്യത്തിന് അതാതു സ്കൂളുകളിലെ സൊസൈറ്റികളിലാണ് ഓൺ ലൈൻ വഴിയുള്ള രജിസ്ട്രേഷൻ പ്രകാരം പുസ്തകങ്ങൾ അയക്കുന്നതെന്നും, അതുകൊണ്ട് തന്നെ ഇക്കാര്യം AEO ഓഫീ സിൽ അറിയാൻ കഴിയുന്നില്ല എന്നും മറുപടി നൽകിയിരുന്നു. പുസ്തകങ്ങളുടെ എണ്ണ ത്തിൽ കുറവോ കൂടുതലോ ഉണ്ടായാൽ മാത്രമെ അതു സംബന്ധിച്ച വിവരം AEOയുടെ ഓഫീസിൽ ലഭ്യമാവുകയുള്ളൂ എന്നും ടിയാൻ പറഞ്ഞു. AEO ഓഫീസിൽ സന്ദർശക ഡയറി എന്ന ഏർപ്പാട് ഇല്ല എന്നും, അതുകൊണ്ടാണ് അത്തരത്തിൽ മറുപടി നൽകിയ തെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5. അപ്പീൽ ഹർജിക്കാരൻ ഇതേ ചോദ്യങ്ങൾ ഉന്നയിച്ച് മറ്റൊരു അപേക്ഷ നൽകി യിട്ടുണ്ട് എന്നും, സ്ഥിരമായി ധാരാളം ചോദ്യങ്ങൾ ഉന്നയിക്കുന്ന ആളാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

6. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോ ധിച്ചു. ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ മിക്കവാറും വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. നൽകിയ മറുപടിയിലെ ചെറിയ കാലതാമസമാണ് പ്രധാന മായും അപ്പീൽ ഹർജിക്കാരൻ ചൂണ്ടികാണിക്കുന്നത്. AEOയുടെ ഓഫീസ് പോലുള്ള ഒരു ഓഫീസിൽ വലിയ ജോലി തിരക്കും ഉള്ളതും നിരവധി സ്കൂളുകളുടെ ഫയലുകൾ കൈകാര്യം ചെയ്യേണ്ടതുമായ ഒന്നാണ്. അവിടെ നിരവധി ചോദ്യങ്ങൾ തിരിച്ചും മറിച്ചും ചോദിക്കുകയും, ഒരേ ചോദ്യങ്ങൾ തന്നെ ഉന്നയിച്ച് നിരവധി തവണ അപേക്ഷ നൽകു കയും ചെയ്യുന്ന അപ്പീൽ ഹർജിക്കാരന്റെ രീതി പ്രോത്സാഹിപ്പിക്കേണ്ടതല്ല. ഒന്നുകിൽ വ്യക്തിപരമായോ അല്ലെങ്കിൽ സമൂഹത്തിന് ആകയോ പ്രയോജനം ചെയ്യുന്ന അത്യാവശ്യ

കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കുക എന്നതിന് അപ്പുറം എതിർകക്ഷികളുടെ ജോലിക്ക് തടസ്സം ഉണ്ടാക്കുന്ന തരത്തിൽ നിരവധി ചോദ്യങ്ങൾ ആവർത്തിച്ച് നൽകുന്നത് ഒഴിവാക്കേണ്ടതാണ് എന്ന് അപ്പീൽ ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

7. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് നിരീക്ഷിച്ച്, ഇന്നേ ദിവസം 05.11.2021ന് കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
gk.